Web site: www.kwa.kerala.gov.in

'ജലം ജീവാമൃതം'

Fax: 91-0471-2324903
Tel : 0471-2328654

# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

## <u>മാനേജിങ് ഡയറക്ടറുടെ നടപടിക്രമം</u>

*വിഷയം:*-കെ. വാ. അ - ഭരണ നിർവഹണം - വായ്പകളും മുൻകൂറുകളും - ക്ലാസ്സ് ഫോർ ജീവനക്കാരുടേയും പാർട്ട് ടൈം ജീവനക്കാരുടെയും പെൺമക്കളുടെ വിവാഹത്തിന് വായ്പ അനുവദിക്കുന്ന പദ്ധതി - വായ്പാ തുക വർദ്ധിപ്പിച്ചും പലിശ നിരക്ക് കുറച്ചും ഉത്തരവാകുന്നു.

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: കെ ഡബ്ല്യു എ/JB/E4/6530/2017 തീയതി, തിരുവനന്തപുരം, 22.10.2022

---

*സൂചന:*- 1. 16/04/2010-ലെ സ. ഉ .(പി)നം.235/2010/ധന
2. 18.01.2017 - ലെ സ. ഉ (പി) നം.05/2017/ധന .
3. 22.06.2017-ലെ സ. ഉ (അച്ചടി) നം.83/2017ധന .
4. നമ്പർ.കെഡബ്ല്യുഎ/എച്ച് ഒ/ഇ13/3717/വാല്യം.2/05 ആയുള്ള 18.07.2013 ലെ നടപടിക്രമം
5. കേരള വാട്ടർ അതോറിറ്റിയുടെ 06.08.2022 ലെ 427 മത് ബോർഡ് മീറ്റിങ്ങിലെ നമ്പർ 11240 ആയുള്ള തീരുമാനം.

### <u>ഉത്തരവ്</u>

മേൽ സൂചന 1 ഉത്തരവ് അനുസരിച്ച് ക്ലാസ്സ് ഫോർ ജീവനക്കാരുടേയും സൂചന 2 ഉത്തരവ് അനുസരിച്ച് പാർട്ട് ടൈം ജീവനക്കാരുടെയും പെൺമക്കളുടെ വിവാഹ ചെലവുകൾക്ക് വിവാഹ ധന സഹായ വായ്പയായി അനുവദിക്കുന്നത് വാട്ടർ അതോറിട്ടിക്ക് ബാധകമാക്കിയിട്ടുള്ളതും. സൂചന 3 ഉത്തരവ് അനുസരിച്ച് വായ്പാ തുക വർദ്ധിപ്പിച്ചും പലിശ നിരക്ക് കുറച്ചും ഉത്തരവാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ സൂചന 5 കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് മീറ്റിങ്ങിലെ തീരുമാനം അനുസരിച്ച് കേരള വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട വിഭാഗം ജീവനക്കാർക്കും ബാധകമാക്കുന്നതിനായി അനുവദിച്ചിരിക്കുന്നു.

മേൽ സാഹചര്യങ്ങളിൽ, കേരള വാട്ടർ അതോറിറ്റിയിലെ ക്ലാസ്സ് ഫോർ ജീവനക്കാരുടെ വിവാഹ ധന സഹായ വായ്പയുടെ പരിധി നിലവിലുള്ള ₹.30,000/-(രൂപ. മുപ്പതിനായിരം) -ൽ നിന്നും ₹.1,50,000/-(ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ആയും, പാർട്ട് ടൈം ജീവനക്കാർക്ക് ₹.1,00,000/-(ഒരു ലക്ഷം രൂപ മാത്രം) ആയും ഉയർത്താനും പലിശ നിരക്ക് 8% -ൽ നിന്നും 6% ആക്കി കുറയ്ക്കാനും ഉത്തരവാകുന്നു.

ഉയർത്തിയ വായ്പാ തുകയ്ക്കും കുറച്ച പലിശ നിരക്കിനും ഈ ഉത്തരവിന്റെ തീയതി മുതൽ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

*(ഒപ്പ്)*
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്
ജീവനക്കാർ

ഉത്തരവിന്റെ പകർപ്പ്
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ സൂപ്രണ്ടിങ് എഞ്ചിനീയർമാർക്കും
എം ഡി യുടെ പി എ/ എ എം ന്റെ പി എ / എഫ് എം & സി എ ഓ / സി ഇ (ജന. എച്ച്ആർ ഡി) / ഡി സി ഇ (ജന.) / സീനിയർ എ ഓ / എ ഓ (അഡ്മിൻ & എസ്റ്റാ.) / എസ് എസ് / ഡി എ ഓ(അഡ്മിൻ & എസ്റ്റാ.) / ജെ എസ് / ഫയൽ
വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി

Draft #3 of File KWA/JB/E4/6530/2017 Approved by Managing Director on 22-Oct-2022 10:09 AM - Page 1

The document is digitally approved. Hence signature is not needed.